# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5639 — 05.07.2013 ൽ മറുപടിയ്ക്ക്

### പൊതു വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണത്തിൽ വരുന്ന കുറവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്ത് പൊതു വിദ്യാലയങ്ങളിൽ ചില സ്ഥലങ്ങളിൽ കുട്ടികൾ കുറഞ്ഞു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ സാഹചര്യത്തിൽ കൂടുതൽ സി.ബി.എസ്.ഇ. സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതു മൂലം പൊതു വിദ്യാലയങ്ങൾ പ്രതിസന്ധിയിലാകുമെന്ന കാര്യം പരിഗണിച്ച് ഇതു സംബന്ധിച്ച് പഠനം നടത്താൻ സർക്കാർ ഔദ്യോഗികമായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുമോ? | (ബി) പൊതുവെ കുട്ടികളുടെ എണ്ണത്തിലുണ്ടായ കുറവും ഇംഗ്ലീഷ് മീഡിയം സ്കൂളുകളോട് പൊതുജനങ്ങൾക്കുണ്ടായ ആഭിമുഖ്യവുമാണ് പൊതു വിദ്യാലയങ്ങളിൽ കുട്ടികൾ കുറയാനുണ്ടായ കാരണം. സി.ബി.എസ്.സി. സ്കൂളുകൾക്ക് സംസ്ഥാന സർക്കാർ, അംഗീകാരം നൽകുന്നില്ല. സംസ്ഥാന സർക്കാർ നൽകുന്ന എൻ.ഒ.സി.യുടെ അടിസ്ഥാനത്തിലാണ് സി.ബി.എസ്.സി. സ്കൂളുകൾക്ക് അഫിലിയേഷൻ നൽകുന്നത്. രാജ്യത്തിന്റെ എല്ലാ ഭാഗത്തും പ്രവർത്തിക്കുന്ന സി.ബി.എസ്.സി. സ്കൂളുകൾക്ക് കേരളത്തിൽ മാത്രമായി നിയന്ത്രണം ഏർപ്പെടുത്തുന്നത് പ്രായോഗികമല്ല. നിലവിൽ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സി.ബി.എസ്.സി. സ്കൂളുകൾക്ക് എൻ.ഒ.സി. നൽകുന്നത്. പൊതു വിദ്യാലയങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുംവിധം സി.ബി.എസ്.സി. സ്കൂളുകൾക്ക് |

സർക്കാർ എൻ.ഒ.സി നൽകുന്നില്ല. സി.ബി.എസ്.സി. സ്കൂളുകളുടെ പ്രവർത്തനം പൊതു വിദ്യാഭ്യാസ മേഖലയിലെ ആരോഗ്യകരമായ മത്സരത്തിനും ഗുണമേന്മക്കും സഹായകരമാകുമെന്നാണ് സർക്കാർ വിലയിരുത്തുന്നത്.

സെക്ഷൻ ഓഫീസർ